# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: **9846720402**

പി.ആർ.ഒ/35/277/2016 പത്രക്കുറിപ്പ് 2016 **ഡിസംബർ 29**

**അപേക്ഷാതീയതി**

രണ്ടാം സെമസ്റ്റർ (ഏകവർഷം) ബി.എഡ് സപ്ലിമെന്ററി/റീ അഡ്മിഷൻ-റഗുലർ (2013-14 അഡ്മിഷൻ) പരീക്ഷകൾക്ക് പിഴയില്ലാതെ 2017 ജനുവരി 5 വരെയും 50 രൂപ ഫൈനോടെ 6 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 10 വരെയും അപേക്ഷിക്കാം. അഫേക്ഷകർ ഒരു പേപ്പറിന് 20 രൂപ (പരമാവധി 100) സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാഫീസിനു പുറമേ അടക്കണം. പരീക്ഷാതീയതി പിന്നീട്.

**പ്രാക്ടിക്കൽ പരീക്ഷ**

2016 ഒക്ടോബർ, നവംബർ മാസങ്ങളിൽ നടത്തിയ മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബി.എ ഇംഗ്ലീഷ് ലിറ്ററേച്ചർ, കമ്മ്യൂണിക്കേഷൻ & ജേർണലിസം (ട്രിപ്പിൾ മെയിൻ) പരീക്ഷകളുടെ ബേസിക് വേഡ് പ്രോസസിംഗ് പ്രാക്ടിക്കൽ 2017 ജനുവരി 12,13 തീയതികളിൽ നടത്തും. മരങ്ങാട്ടുപ്പള്ളി ലേബർ ഇന്ത്യ കോളേജിലെ വിദ്യാർത്ഥികൾ കുറവിലങ്ങാട് ദേവമാതാ കോളേജിലും, പായിപ്പാട് അമൻ കോളേജ് ഓഫ് സയൻസ് & ടെക്നോളിജിയിലെ വിദ്യാർത്ഥികൾ ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിലും വെങ്ങൂർ രാജഗിരി വിശ്വജ്യോതി കോളേജിലെ വിദ്യാർത്ഥികൾ മാറംപള്ളി എം.ഇ.എസ്സ്. കോളേജിലും പരീക്ഷക്കായി ഹാജരാവേണ്ടതാണ്.

## ഭൂമി അധിവാസയോഗ്യമായി തുടരുന്നതിന് ജൈവ സാക്ഷരത അനിവാര്യം : എം.ജി. അന്താരാഷ്ട്ര ജൈവകൃഷി സെമിനാറിൽ ജർമ്മൻ ജൈവകൃഷി ശാസ്ത്രജ്ഞ

2030 ഓടെ നമ്മുടെ ഭൂമി സമ്പൂർണ്ണ മാലിന്യമുക്തമാക്കി വാസയോഗ്യമാക്കുന്നതിനുള്ള (ബെറ്റർ പ്ലാനറ്റ്) ആഗോള ശാസ്ത്ര സമൂഹത്തിന്റെ ലക്ഷ്യം നിറവേറ്റുന്നതിന് സമ്പൂർണ്ണ ജൈവ സാക്ഷരത കൈവരിക്കേണ്ടത് ആവശ്യമാണെന്ന് ജർമ്മനിയിലെ കസ്സൽ സർവ്വകലാശാലയിലെ പ്രമുഖ ജൈവകൃഷി ശാസ്ത്രകാരി ഡോ : ആഞ്ജലികപ്ലോഗർ അഭിപ്രായപ്പെട്ടു. മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ത്രിദിന അന്താരാഷ്ട്ര സെമിനാർ ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു ഡോ : ആഞ്ജലികപ്ലോഗർ. സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി പരിസ്ഥിതി – ആരോഗ്യസംരക്ഷണ പദ്ധതികൾ ലക്ഷ്യം വച്ചുകൊണ്ടാണ് സർവ്വകലാശാലാ സുസ്ഥിര ജൈവകൃഷി പഠന കേന്ദ്രം സ്ഥാപിച്ചതെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച വൈസ് ചാൻസിലർ ഡോ : ബാബു സെബാസ്റ്റ്യൻ പ്രസ്താവിച്ചു. ഇതിനായി ഏറ്റുമാനൂർ നിയോജകമണ്ഡലം സമ്പൂർണ്ണ ജൈവസാക്ഷര പ്രദേശമായി പ്രഖ്യാപിക്കുവാൻ നാഷണൽ സർവ്വീസ് സ്കീമിന്റെ സഹകരണത്തോടെ ബൃഹത്തായ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നു വൈസ് ചാൻസിലർ അറിയിച്ചു. ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിൽ മികച്ച സംഭാവന നൽകുന്ന കോളേജിന് ഒരു ലക്ഷം രൂപയുടെ അവാർഡ് നൽകുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു.സ്കൂൾ ഓഫ് കെമിക്കൽ സയൻസ് ഓഡിറ്റോറിയത്തിൽ നടക്കുന്ന സെമിനാറിന്റെ ഉദ്ഘാടനം ആഞ്ജലികപ്ലോഗറിനൊപ്പം കർഷകനായ കെ.ജെ.കുര്യൻ, കർഷകതൊഴിലാളി കെ.കെ.മാധവി എന്നിവർ ചേർന്ന് നിലവിളക്കുകൊളുത്തി നിർവഹിച്ചു.

ഒട്ടനവധി വെല്ലുവിളികളെ അതിജീവിച്ചുകൊണ്ടാണ് കേരളത്തിൽ ജൈവകൃഷി പ്രസ്ഥാനം മുന്നേറുന്നതെന്ന് ചടങ്ങിൽ സംസാരിച്ച പ്രശസ്ത ജൈവകൃഷി വിദഗ്ധൻ കെ.വി.ദയാൽ അഭിപ്രായപ്പെട്ടു. കേരളത്തിൽ സർവ്വകലാശാലാതലത്തിൽ ഒരു ജൈവകൃഷി പഠനകേന്ദ്രം ആരംഭിക്കുന്നതിനും വിദേശസർവ്വകലാശാലകളുമായി

അക്കാദമിക വിനിമയം സാധ്യമാക്കുന്നതിനും മഹാത്മാഗാന്ധി സർവ്വകലാശാലയുടെ ശ്രമങ്ങൾ ശ്ലാഘനീമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ചടങ്ങിൽ അന്തർ സർവ്വകലാശാലാ ജൈവകൃഷി പഠനകേന്ദ്രം സ്ഥാപക ഡയറക്ടറും രജിസ്ട്രാറുമായ എം.ആർ.ഉണ്ണി, സിൻഡിക്കേറ്റ് അംഗങ്ങളായ പ്രൊഫ : ടോമിച്ചൻ ജോസഫ്, ഡോ : എ.ജോസ്, കേന്ദ്രത്തിന്റെ ഡയറക്ടർ ഡോ.ബി.പ്രകാശ്കുമാർ എന്നിവർ സംസാരിച്ചു.

സെമിനാറിന്റെ ഭാഗമായി, അമേരിക്കയിലെ മോണ്ടാന സ്റ്റേറ്റ് യൂനിവേഴ്സിറ്റിയിലെ ഷാബെഗ് ബ്രയർ, ബീഹാർ കാർഷിക സർവ്വകാലശാലയിലെ കെ.ചന്ദ്രശേഖർ, ഫ്രാൻസിലെ സ്റ്റെഫാൻ ബെല്ലൺ, തേജ്പൂർ യൂണിവേഴ്സിറ്റിയിലെ പരിജാത് സൈക്കിയ, കോയമ്പത്തൂർ ഹോർട്ടികൾച്ചർ കോളേജിലെ ജി.വി.രാജലിംഗം, വി.പ്രേമലക്ഷ്മി, കേരളകാർഷിക സർവ്വകലാശാലയിലെ പി.ഇന്ദിരാദേവി, ബി.അപർണ, എ.സി.എ.ആറിലെ ഭുപീന്ദർ സിംഗ്, എ.തങ്കസ്വാമി, എൻ.പ്രകാശ് ബനാറസ് യൂണിവേഴ്സിറ്റിയിലെ അമിതാവ രക്ഷിത്, ഹൈദരാബാദ് യൂണിവേഴ്സിറ്റിയിലെ അബിൻ സെബാസ്റ്റ്യൻ, എസ്.ഡി.കാർഷിക സർവ്വകലാശാലയിലെ എൻ.കെ.സിംഗ്, ഐ.എ.ആർ.ഐ യിലെ കെ.ഉഷ,യു.എ.എസിലെ ഡോ : സുവർണ, ശ്രീ വെങ്കിടേശ്വര യൂണിവേഴ്സിറ്റിയിലെ എം.ഭാസ്കർ, ആസ്സാം കാർഷിക സർവ്വകലാശാലയിലെ ഉത്പൽദാസ്, കേന്ദ്ര കാർഷിക സർവ്വകലാശാലയിലെ ജെ.മുറസിംങ് എന്നിവർ വിവിധ സെഷനുകളിലായി പ്രബന്ധങ്ങൾ അവതരിപ്പിച്ചു. സജീവമായ കർഷക മുഖാമുഖവും ശ്രദ്ധേയമായി.

സെമിനാറിനോട്നുബന്ധിച്ച് സർവ്വകലാശാല അസംബ്ലി ഹാളിൽ നടന്ന കാർഷിക പ്രഭാഷണങ്ങളിൽ കെ.പി.ഇല്ല്യാസ്, ജോസ് അഗസ്റ്റിൻ പുത്തേട്ട്, ജോസഫ് റഫിൻ ജഫ്രി, സെബാസ്റ്റ്യൻ തെക്കേകരോട്ട്, ഡോ : എസ്.രാമചന്ദ്രൻ, മോളിപോൾ, ഡി.ഏലികുട്ടി, ജോർജ്ജ് പി. ജോൺ, തോമസ് ജോർജ്ജ് വൈദ്യൻ എന്നിവർ ചർച്ചകൾ നയിച്ചു. വിവിധ മൂല്യ വർദ്ധിത ഉല്പന്നങ്ങൾ, നാട്ടുവിത്തുകൾ, നാടൻ പശു ഉല്പന്നങ്ങൾ, കൃഷി അനുബന്ധ പുസ്തകങ്ങൾ, ജൈവ കാർഷിക ഉല്പന്നങ്ങൾ, കാർഷിക രംഗം ഓൺലൈൻ ഡോട്ട്കോമുകൾ എന്നിവ പ്രദർശന നഗറിലേക്ക് ജനങ്ങളെ ആകർഷിച്ചു. പ്രമുഖ മാധ്യമങ്ങളുടെ സ്റ്റാളുകളും സവിശേഷതയായി. കാർഷിക വിഭവങ്ങൾ കേടുകൂടാതെ സ്വാഭാവികമായി സംസ്കരിക്കാൻ സഹായിക്കുന്ന സോളാൽ ഡ്രയറുകൾ, അപൂർവ്വയിനം കിഴങ്ങുവിളകൾ, കേരളത്തിന്റെ സവിശേഷമായ ഞള്ളാനി ഏലം പരമ്പരാഗത കാർഷിക ഉപകരണങ്ങളായ ചക്രവും, പെട്ടകവും, കലപ്പയും, ഞവിരിയും, മത്സ്യബന്ധന സാമഗ്രികളായ കൂട്, ഒറ്റാൽ തുടങ്ങിയവ പ്രദർശനത്തിന് കൊഴുപ്പേകി.

സാംസ്കാരിക സന്ധ്യ ''ഉർവ്വര'' യുടെ ഭാഗമായി രാമചന്ദ്ര പുലവർ അവതരിപ്പിച്ച മഹാത്മാഗാന്ധിയുടെ ജീവിതത്തെ അടിസ്ഥാനമാക്കിയുള്ള തോൽപ്പാവക്കൂത്തും നടന്നു.

ഇന്നത്തെ (വെള്ളി) സെമിനാറിൽ അഡലെയ്ഡ് യൂണിവേഴ്സിറ്റിയിലെ ജുങ്കോ സുഹ്, സ്പെയിനിലെ സേവ്യർ പ്യൂഗ്, ജർമ്മനിയിലെ റുഡോൾഫ് ബുലർ തുടങ്ങിയവർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. സർവ്വകലാശാലാ അസംബ്ലി ഹാളിൽ കർഷക സംഗമവും ശാസ്ത്രജ്ഞരുമായി മുഖാമുഖവും ഡോക്യുമെന്ററി പ്രദർശനവും ഉണ്ടായിരിക്കും. പ്രദർശന നഗറിൽ പ്രവേശനം സൗജന്യമാണ്.

**അടിക്കുറിപ്പ്**

മഹാത്മാഗാന്ധി സർവ്വകലാശാലാ സുസ്ഥിര ജൈവകൃഷി പഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സ്ക്കൂൾ ഓഫ് കെമിക്കൽ സയൻസ് ഓഡിറ്റോറിയത്തിൽ നടക്കുന്ന ത്രിദിന അന്താരാഷ്ട്ര സെമിനാർ ഉദ്ഘാടനം ചെയ്യുന്നു. ചിത്രത്തിൽ സർവ്വകലാശാലാ വൈസ്ചാൻസിലർ ഡോ : ബാബു സെബാസ്റ്റ്യൻ, ഡോ : ആഞ്ജലി കപ്ലോഗർ. രജിസ്ട്രാർ എം.ആർ. ഉണ്ണി, സിൻഡിക്കേറ്റ് അംഗങ്ങളായ പ്രൊഫ : ടോമിച്ചൻ ജോസഫ്, ഡോ : എ.ജോസ്, കർഷകർ കെ.ജെ.കുര്യൻ, കെ.കെ.മാധവി. ജൈവകൃഷി വിദഗ്ധൻ കെ.വി.ദയാൽ

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**